# തുടർവിദ്യാഭ്യാസ പദ്ധതിയും ബാഹ്യമൂല്യനിർണ്ണയവും

ഏതൊരു പദ്ധതിയുടെയും ജയപരാജയങ്ങൾ വിലയിരുത്തുകയും ഭാവി ആസൂത്രണം വഴിതിരിച്ചു വിടുകയും ചെയ്യുന്നത് മൂല്യനിർണ്ണയ (ഇവാല്യുവേഷൻ) ത്തിലൂടെയാണ്. തുടർവിദ്യാഭ്യാസ പദ്ധതി വിഭാവനം ചെയ്യുന്ന പ്രവർത്തനങ്ങൾ ഏറ്റവും അടിസ്ഥാനതലത്തിൽ പ്രാവർത്തികമാണോ എന്നറിയുന്നതിനായി ഈ പദ്ധതിക്ക് ഫണ്ട് നൽകുന്ന കേന്ദ്രഗവൺമെന്റിന്റെ മാനവവിഭവശേഷി വികസന മന്ത്രാലയവും ദേശീയ സാക്ഷരതാ മിഷനും അഞ്ച് ഘട്ടങ്ങളിലായി മൂല്യ നിർണ്ണയം നടത്തണമെന്നും ഇത് പുറമേ നിന്നുള്ള ഏജൻസിയെ കൊണ്ടായിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആദ്യത്തെ എക്സ്റ്റേണൽ ഇവാല്യുവേഷൻ (ബാഹ്യമൂല്യനിർണ്ണയം) മൂന്നുവർഷത്തിനു ശേഷവും അവസാനത്തേത് 7 വർഷത്തിനു ശേഷവുമാണ്. കേരളം തുടർവിദ്യാഭ്യാസത്തിൽ 10 വർഷം പിന്നിടുകയാണെങ്കിലും 4 സാമ്പത്തികവർഷം കടന്ന് അഞ്ചാമത് സാമ്പത്തിക വർഷത്തിലേക്ക് എത്തിയതേയുള്ളൂ. യഥാസമയം ഏജൻസിയെ നിശ്ചയിച്ചു തരാത്തതിനാൽ കേരളത്തിലെ തുടർവിദ്യാഭ്യാസ പദ്ധതിയെ കൃത്യസമയത്ത് ഇവാല്യുവേഷൻ നടത്തുവാൻ കഴിഞ്ഞില്ല. ഇടുക്കി, കൊല്ലം, കാസറഗോഡ് ജില്ലകൾ ഇതിനോടകം ഈ പ്രക്രിയ പൂർത്തിയാക്കി കഴിഞ്ഞിട്ടുണ്ട്.

## ആരാണ് മൂല്യനിർണ്ണയം നടത്തുന്നത്?

ദേശീയ സാക്ഷരതാ മിഷൻ എംപാനൽഡ് ഏജൻസിയായി അംഗീകരിച്ചിട്ടുള്ളതും സാക്ഷരതാ തുടർവിദ്യാഭ്യാസമേഖലയിൽ നിരവധി പഠനങ്ങളും സർവ്വെയും മൂല്യനിർണ്ണയവും നടത്തിയിട്ടുള്ളതുമായ കേരളത്തിന് പുറത്തുള്ള യൂണിവേഴ്സിറ്റികൾ, സ്റ്റേറ്റ് റിസോഴ്സ് സെന്ററുകൾ, വിദ്യാഭ്യാസ പരിശീലന ഗവേഷണ സ്ഥാപനങ്ങൾ എന്നിവരെയാണ് എക്സ്റ്റേണൽ ഇവാലുവേഷൻ ഏജൻസികളായി തെരഞ്ഞെടുത്തിട്ടുള്ളത്. ഒരു ജില്ലയ്ക്ക് 3 വീതം വിദഗ്ധരായ ഏജൻസികളുടെ ലിസ്റ്റ് ദേശീയ സാക്ഷരതാ മിഷൻ, സംസ്ഥാന സാക്ഷരതാ മിഷന് നൽകുകയും അതിൽ നിന്ന് ഏറ്റവും കാര്യക്ഷമമായി ഈ പ്രവർത്തനം നടത്തുന്ന ഒരു ഏജൻസിയെ തെരഞ്ഞെടുത്ത് അവരുമായി മെമ്മോറാണ്ടം ഓഫ് അണ്ടർ സ്റ്റാന്റിംഗ് ഒപ്പിട്ട് എക്സ്റ്റേണൽ ഇവാല്യുവേഷൻ ഏജൻസിയെ നിശ്ചയിക്കാം.

## മൂല്യനിർണ്ണയം എങ്ങനെ?

സംസ്ഥാന സാക്ഷരതാ മിഷൻ ദേശീയ സാക്ഷരതാ മിഷന് നൽകിയിട്ടുള്ള പ്രോജക്ടിൽ പറഞ്ഞിരിക്കുന്ന എന്തെല്ലാം കാര്യങ്ങളിൽ പുരോഗതിയുണ്ടെന്നും യഥാർത്ഥത്തിൽ എന്തെല്ലാം നേട്ടങ്ങളുണ്ടെന്നും കണ്ടെത്തുന്നതിനായാണ് ഇവാല്യുവേഷൻ നടത്തുന്നത്. ഒരു തുടർ വിദ്യാകേന്ദ്രത്തിലെ അല്ലെങ്കിൽ വികസനവിദ്യാകേന്ദ്രത്തിലെ കഴിഞ്ഞകാല പ്രവർത്തനങ്ങൾ കൊണ്ട് സ്ഥാപനപരമായും ലക്ഷ്യങ്ങളിലും ഏതൊക്കെ നേട്ടങ്ങളുണ്ടെന്ന് ഇതിലൂടെ വിലയിരുത്തപ്പെടും. അതിനായി താഴെപ്പറയുന്ന മേഖലകളിലാണ് ഇവാല്യുവേറ്റേഴ്സ് ശ്രദ്ധ ചെലുത്തുക.

### 1. വിദ്യാകേന്ദ്രങ്ങളുടെ പ്രാധാന്യവും സൗകര്യങ്ങളും

നമ്മുടെ തുടർ/വികസനവിദ്യാകേന്ദ്രങ്ങൾ അനുവദിച്ചിരിക്കുന്നത് വേണ്ട സ്ഥലത്തു തന്നെയാണോ, ജനസംഖ്യാനുപാതികമായി ആവശ്യത്തിന് വിദ്യാകേന്ദ്രങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ (1500-2000 നും ഇടയിൽ ജനസംഖ്യയ്ക്ക് ഒരു തുടർവിദ്യാകേന്ദ്രവും 15000-20000 ജനസംഖ്യയ്ക്ക് അല്ലെങ്കിൽ 10 തുടർവിദ്യാകേന്ദ്രത്തിന് ഒരു വികസനവിദ്യാകേന്ദ്രവും യഥാർത്ഥത്തിൽ വേണമെന്നാണ് കണക്ക്.) നമ്മൾ പ്രവർത്തനം ആരംഭിച്ച കേന്ദ്രങ്ങൾക്ക് സ്വന്തം കെട്ടിടമോ സൗകര്യപ്രദമായ പൊതുസ്ഥലമോ ഈ പ്രവർത്തന കാലഘട്ടത്തിൽ ലഭിച്ചിട്ടുണ്ടോ, വേണ്ടത്ര വായനോപാധികളും നവസാക്ഷര പുസ്തകങ്ങളും കേന്ദ്രത്തിലൂടെ വിതരണം നടത്തുന്നുണ്ടോ, പ്രേരക്മാർക്ക് ആവശ്യമായ പരിശീലനം ലഭിച്ചിട്ടുണ്ടോ, ഒരു സ്ഥാപനത്തിനാവശ്യമായ മറ്റ് ആസ്തികൾ ഉണ്ടോ എന്നു തുടങ്ങിയ കാര്യങ്ങളാണ് പരിശോധിക്കപ്പെടുന്നത്.

## 2. വിദ്യാകേന്ദ്രങ്ങളുടെ അടിസ്ഥാനപ്രവർത്തനങ്ങൾ സംബന്ധിച്ച്.

തുടർവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്ക് വികസനവിദ്യാകേന്ദ്രങ്ങൾ നൽകുന്ന സപ്പോർട്ടുകൾ എങ്ങനെ, എന്തെല്ലാം, വായനശാലാ പ്രവർത്തനങ്ങൾ എന്തൊക്കെ നടക്കുന്നു, വായനാമുറിയും അവയുടെ സൗകര്യങ്ങളും ഫർണിച്ചറുകളും ഇൻഫർമേഷൻ കേന്ദ്രം എന്ന നിലയിൽ എന്തൊക്കെ വിവരങ്ങൾ ശേഖരിച്ച് വിതരണം ചെയ്യുന്നു, അപേക്ഷാഫോറങ്ങൾ എത്രയുണ്ട്? അവ പൂരിപ്പിക്കുന്നതിന് എങ്ങനെ നമ്മുടെ ഗുണഭോക്താക്കളെ സഹായിക്കുന്നു, നമ്മുടെ കേന്ദ്രങ്ങളിലൂടെ നടത്തുന്ന സാംസ്കാരിക പരിപാടികൾ, സ്പോർട്സ് പരിശീലനങ്ങൾ അതിനുള്ള സൗകര്യങ്ങൾ തുടങ്ങിയവ ഇവാല്വേഷന് വിധേയമാകുന്നതാണ്.

## 3. ലക്ഷ്യാധിഷ്ഠിത പരിപാടികൾ

### തുല്യതാ പരിപാടി

നമ്മൾ ഏറ്റെടുത്തിട്ടുള്ള തുല്യതാ പരിപാടികൾ ഏതൊക്കെയാണ്, ഈ പദ്ധതികളിൽ സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ സഹകരണം, പഠിതാക്കളെ കണ്ടെത്തുന്ന രീതി, പാഠ്യവിഷയങ്ങളുടെ തെരഞ്ഞെടുക്കൽ, ക്ലാസുകൾ സംഘടിപ്പിക്കുന്ന രീതി, സമയം എന്നിവയും ഇവാലുവേഷനിൽ ഉൾപ്പെടുന്നു.

### വരുമാനവർദ്ധകപരിപാടികൾ

തൊഴിലധിഷ്ഠിതപരിപാടികൾ തെരഞ്ഞെടുത്ത രീതി ആവശ്യാധിഷ്ഠിതമാണോ, പഠിതാക്കളുടെ സെലക്ഷന് എന്തു മാനദണ്ഡമാണ് ഉപയോഗിച്ചത്, പരിശീലനപരിപാടിയുടെ ഉള്ളടക്കം, ദൈർഘ്യം, ഗുണമേന്മ എന്നിവയിൽ എങ്ങനെയൊക്കെയാണ് വിവിധ ഡിപ്പാർട്ടുമെന്റുകളുമായുള്ള സംയോജനം. ഉൽപാദിപ്പിക്കുന്ന സാധനങ്ങളുടെ വിപണനം, പഠിതാക്കൾക്കുള്ള സാമ്പത്തിക നേട്ടം എന്നിവയെല്ലാം വ്യക്തമായി ഇവാല്യുവേറ്റർമാരെ ബോധ്യപ്പെടുത്തുവാൻ തയ്യാറാകണം.

### ജീവിതഗുണമേന്മാ വർദ്ധന പരിപാടി

പരിസ്ഥിതി, വിദ്യാഭ്യാസം, കുടിവെള്ളം, പോഷകാഹാരം, ആരോഗ്യം, കുടുംബക്ഷേമം, സാമൂഹ്യസേവനം, മതസൗഹാർദ്ദം തുടങ്ങി ഒരു സാധാരണ പൗരന് ലഭിക്കേണ്ട അറിവുകളും കഴിവുകളും എപ്രകാരമാണ് ഗുണഭോക്താക്കൾക്ക് നൽകുന്നത് ഇതൊക്കെ നടപ്പിലാക്കുമ്പോൾ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുമായി ചേർന്ന് എങ്ങനെയാണ് പ്രേരക് പ്രവർത്തിക്കുന്നത്.

### വ്യക്തിഗത താല്പര്യ പോഷണ പരിപാടി

താല്പര്യമുള്ള വ്യക്തികളെ ഐഡന്റിഫൈ ചെയ്യുന്ന രീതി, എന്തു തരത്തിലുള്ള കഴിവാണ് ഗുണഭോക്താക്കൾക്കുള്ളതെന്ന് കണ്ടെത്തുന്നത്, ഇതിനാവശ്യമായ വിവരശേഖരണം നടത്തുന്നത്, ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ നേടുന്നതിന് തുടർവിദ്യാകേന്ദ്രത്തിന്റെ ശ്രമം, ഇത്തരം പ്രവർത്തനങ്ങളുടെയൊക്കെ ഫലം ശേഖരിക്കുന്ന വിധം എന്നിവയൊക്കെ ഇതിന്റെ ഭാഗമായി വരും.

## 4. അവശേഷിക്കുന്ന നിരക്ഷരരെ സാക്ഷരരാക്കാനുള്ള ശ്രമം.

നിരക്ഷരരെ കണ്ടെത്തുന്നതിനായി നടത്തിയിട്ടുള്ള സർവ്വേകളും വിശദാംശങ്ങളും പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പഠനതന്ത്രം ആവിഷ്ക്കരിച്ചതെങ്ങനെ, ഇതുവരെ പഠിക്കാൻ ചേർന്നവർ, പഠനം പൂർത്തിയാക്കിയവർ, ഇവർക്കു നൽകിയിട്ടുള്ള പാഠ്യോപകരണങ്ങൾ,ഇതിന്റെ പുരോഗതി തുടങ്ങിയവയെല്ലാം നേരിട്ട് പഠിതാക്കളിൽ നിന്നും ശേഖരിക്കും.

## 5. തുടർവിദ്യാകേന്ദ്രത്തിന്റെ സുസ്ഥിരതയും സാമൂഹ്യഇടപെടലും.

സുസ്ഥിരമായ ഒരു തുടർവിദ്യാഭ്യാസ പദ്ധതിയാണ് നാം വിഭാവനം ചെയ്യുന്നത്. ആജീവനവിദ്യാ

ഭ്യാസം ലക്ഷ്യമിടുന്ന തുടർവിദ്യാഭ്യാസ പദ്ധതിക്ക് സ്ഥിരം കെട്ടിടവും സ്വന്തം കോർപ്പസ് ഫണ്ടും പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ സജീവപിന്തുണയും സന്നദ്ധസാമൂഹ്യസംഘടനകളുടെ ശക്തമായ സാന്നിദ്ധ്യവും സഹകരണവും ഒക്കെ ഉറപ്പാക്കി ഗ്രാമീണ പാഠശാലകളായി മാറുന്ന തുടർവിദ്യാകേന്ദ്രത്തിന്റെ സുസ്ഥിരതയിലൂന്നിയ വികസനവും നിലനിൽപും അത്യന്താപേക്ഷിതമാണ്. ഇക്കാര്യം വളരെ ഗൗരവപൂർണ്ണമായ ഇവാല്യുവേഷനു വിധേയമാക്കും.

**6. സമാന വകുപ്പുകളുമായുള്ള പദ്ധതിയുടെ ഏകോപനം**

ഗ്രാമതലത്തിൽ സമാനസ്വഭാവമുള്ള നിരവധി ഏജൻസികൾ ഒരേ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. ഇവയെല്ലാം ഏകോപിപ്പിച്ച് തുടർവിദ്യാഭ്യാസത്തിന്റെ ഭാഗമായി സംഘടിപ്പിക്കേണ്ടതുണ്ട്. സ്വയംസഹായ സംഘങ്ങളുടെ രൂപീകരണവും കൂട്ടായ്മയും മറ്റ് ഡിപ്പാർട്ടുമെന്റുകളുടെ പരിപാടിയിലെ പങ്കാളിത്തവും മറ്റ് വികസനപദ്ധതികളുമായുള്ള സംയോജനം എന്നിവയും കാര്യക്ഷമമായി ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

സാക്ഷരതാ-തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ഭാഗമായി സമൂഹത്തിനുണ്ടായ മാറ്റം സ്കൂൾ കൊഴിഞ്ഞുപോക്കിന്റെ നിലവാരം, വനിതകളുടെ ജീവിതനിലവാരത്തിലെ മാറ്റവും അവരുടെ ശാക്തീകരണവും, യുവാക്കളുടെ മനോഭാവവും സഹകരണവും, ത്രിഫ്റ്റ് ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങളിലെ പങ്ക്, സന്നദ്ധ സാംസ്കാരിക ഗ്രൂപ്പുകളുടെ രൂപീകരണം, സമൂഹത്തിലെ കാഴ്ചപ്പാടുകളും പ്രതികരണവും എല്ലാം വിലയിരുത്തലിന് വിധേയമാകും. ആദ്യത്തെ ഇവാല്യുവേഷൻ, അടിസ്ഥാന ഘടകങ്ങൾക്ക് 60% മാർക്കും പ്രവർത്തന സമ്പ്രദായങ്ങൾക്ക് 40% മാർക്കുമാണ് നിശ്ചയിച്ചിരിക്കുന്നത്. വളരെ ഗൗരവത്തോടെ നടത്തേണ്ട ഒന്നാണ് ബാഹ്യമൂല്യനിർണ്ണയം. കഴിഞ്ഞ പത്ത് വർഷമായി നാം തുടർവിദ്യാഭ്യാസരംഗത്ത് എന്തെല്ലാം പരിവർത്തനങ്ങൾ നടത്തി, പഠിതാക്കൾ വിദ്യാലയത്തിലേക്കല്ല മറിച്ച് വിദ്യാലയം പഠിതാക്കളുടെ അടുത്തേക്ക് ചെല്ലുന്ന കാഴ്ച സാക്ഷരകേരളത്തിന്റെ ചരിത്രത്തിലെ വലിയൊരു സംഭവമാക്കിമാറ്റുവാൻ തുല്യതാ തുടർവിദ്യാഭ്യാസ പരിപാടിക്കു കഴിഞ്ഞു. പക്ഷെ ഇവയൊക്കെ മൂല്യനിർണ്ണയം നടത്തുന്നതിനനുവദിക്കുന്ന അത്രതന്നെ വലിയ പ്രാധാന്യം തുടർവിദ്യാകേന്ദ്രം ചിട്ടപ്പെടുത്തി ഇൻഫർമേറ്റീവാക്കി വയ്ക്കുന്നതിൽ ശ്രദ്ധിക്കണം. കഠിനാദ്ധ്വാനികളായ പ്രേരക്മാരുടെ പ്രവർത്തനം വിലയിരുത്തപ്പെടുമ്പോൾ അത് തുടർവിദ്യാകേന്ദ്രങ്ങളിലൂടെ പ്രതിഫലിച്ചു കാണത്തക്കവണ്ണം. അതിനായി കേന്ദ്രത്തിന്റെ നെയിംബോർഡ് മുതൽ അകവും പുറവും പരിസരവാസികളെയും ജനപ്രതിനിധികളെയും വരെ സജ്ജരാക്കിയെങ്കിലേ മൂല്യനിർണ്ണയം വിജയകരമാക്കുവാൻ കഴിയൂ. സംസ്ഥാന, ജില്ലാ സാക്ഷരതാ മിഷൻ മുതൽ പ്രേരകും ഗുണഭോക്താവും വരെ ഒറ്റക്കെട്ടായി പരിശ്രമിച്ച് കേരളത്തിന്റെ തുടർവിദ്യാഭ്യാസ മാതൃക എന്തെന്ന് കണക്കെടുക്കുന്ന ഈ മൂല്യനിർണ്ണയപരിപാടിയും അതിനു ശേഷം സമൂഹത്തിന്റെ സിരാകേന്ദ്രമായി നമ്മുടെ കേന്ദ്രങ്ങളെ മാറ്റുകയും ചെയ്യണം.